# യു.പി മലയാളം

## ലക്ഷ്യങ്ങൾ

- അഞ്ചു മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികളുടെ ഭാഷാസമ്പത്തും ആശയവിനിമയ ശേഷിയും വികസിപ്പിക്കുക
- നിത്യ ജീവിതത്തിൽ മലയാളം ശരിയായി ഉപയോഗിക്കുക. വായനാസമ്പത്ത് കുട്ടികളിൽ വളർത്തുക. നാട്ടുഭാഷയും പുസ്തകഭാഷയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുക.
- കുട്ടികളിൽ മാധ്യമസാക്ഷരത ഉറപ്പാക്കുക. കൂടാതെ പാഠപുസ്തകത്തിനപ്പുറത്തുള്ള വായനാ സാഹിത്യം ഉൾക്കൊള്ളാൻ അവരെ പ്രാപ്തരാക്കുക.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത്‌വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ഭാഷാകേളി:- അക്ഷരങ്ങളും പാദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽനിന്നുംവാക്യത്തിലേക്ക്:- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാള അധ്യാപകർ | |
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക്:- പത്രം, മാസികകൾ, ലൈബ്രറി ബുക്കുകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3. | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/ മുഖാമുഖം:- സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവയുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുക. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ്, മലയാളം അധ്യാപകൻ | മലയാള ക്ലബ്ബ് |
| 4. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിക്കുക. | രംഗാവിഷ്ക്കാരം:- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച്കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ | പിടിഎ |
| 5. | സർഗ്ഗാത്മകശേഷി വളർത്തുക | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുക. | വർഷവസാനം | മലയാളം അധ്യാപകർ | |

## അക്കാദമികം - ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികൾക്കും നേടി എന്ന് ഉറപ്പ് വരുത്തുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

യു.പി ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | ചുമതല |
|---|---|---|---|---|---|
| 1. | യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷ കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ എഴുതിയ cardകൾ<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC<br>DIET |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതുംകേൾക്കുന്നതുംഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽഉപയോഗിക്കുന്നഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | September to October | ഹിന്ദി<br>നിഘണ്ടു | PTA<br>BRC |

| | | | | | |
|---|---|---|---|---|---|
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾവികസിപ്പിക്കാനും ഉള്ള അവസരം | • ദിനാചരണങ്ങൾ<br>• അധിക വായന<br>• സാമഗ്രികൾ വായനാ മൂല<br>• ഹിന്ദി ക്ലബ്ബ്<br>• പ്രവർത്തനങ്ങൾ | November To February | പുസ്തകങ്ങൾ | BRC<br>PTA |

യു.പി സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം ആരംഭം(ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപോയഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷം ആരംഭം(ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | പഠിതാക്കളെ ചരിത്രാവ | Virtual Find Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തി | അക്കാദമിക | സാമൂഹ്യശാസ് | |

| | | | | | |
|---|---|---|---|---|---|
| | ബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | വർഷം ആരംഭം | ത്ര അധ്യാപകർ | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷം ആരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം ആരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. | സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം.<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| | | മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | |
| 6. | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്ന് കുതിച്ചു ചാട്ടം.<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ?<br>(ഫീൽഡ് ട്രിപ്പ്, സർവ്വേ)<br>പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | ക്ലബ്ബ് |
| 8. | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതു ചക്രവാളത്തിലേക്ക്<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | നം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | | |

## ഗണിതപഠനം- ലക്ഷ്യങ്ങൾ

ഗണിതത്തെ ദിവസേന അനുഭവിക്കുന്ന സാഹചര്യങ്ങളോട് ബന്ധിച്ച് പഠിക്കാനുള്ള കഴിവ് സ്വായത്തമാക്കുക, അക്കങ്ങൾ, അളവ്, വാസ്തവ ലോകത്തിലെ ഗണിതം തുടങ്ങിയ വഷയങ്ങളിൽ പ്രാധാന്യം നേടുക.

കൃത്യതയോടും, സൂക്ഷമതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും പര്യാപ്തമാക്കുക.

ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടികൾ തിരിച്ചറിയണം.

യു.പി ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിതക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല:<br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,.... ഉപയോഗിക്കുന്നു. | ജൂൺ | | |
| 2. | രസകരമായ ഗണിതശാ | ഒറിഗാമി ശിൽപ്പശാല: | വർഷത്തിൽ | ഗണിത | |

| | | | | | |
|---|---|---|---|---|---|
| | സ്ത്രപഠനവും, കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | ഒരുപ്രാവശ്യം | അധ്യാപകർ | |
| 3. | ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിതക്ലബ്ബ് അംഗങ്ങൾ, ടീച്ചറും | |
| 4. | ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിതപാർക്ക് സജ്ജമാക്കൽ | ഒരുപ്രാവശ്യം | ഗണിതഅധ്യാപകരും, ഗണിതക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ്ബ് |
| 5. | ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം:<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പിടിഎ |
| 6. | ആധുനിക ഗണിത ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ. ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. | ഗണിതത്തിൽ പിന്നോ | ഗണിതത്തിൽ പിന്നോക്കം നിൽക്കു | ആഴ്ചയിൽ | ഗണിത അധ്യാപ | |

| | | | | | |
|---|---|---|---|---|---|
| | ക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഒരു പീരീഡ് | കരും സമർത്ഥരായ കുട്ടികളും | |
| 8. | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ തീരുമാനിക്കുകയും നിശ്ചിത ദിവസത്തിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

യു.പി ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear- ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | | Follow me if you can!- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | Breaking News:- ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Missing man: അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | | Meet the foreigner: തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | | One Man show: ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന പ്രോ | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ത്സാഹനം നൽകുന്നു. | | | |
| 2. | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Too can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു(ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Learning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | | FM Corner: വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Reader at the Month: ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader at the Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 3. | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Drpolets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | Alert Zone: സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സിലും പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Run Baby Run: ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെവുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | | Fun time Funda: കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4. | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp: ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മര്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>ആഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്. ആറിന Role Play നാട | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പിടിഎ ഭാരവാഹികൾ, രക്ഷിതാക്കൾ | |

| | | | | | |
|---|---|---|---|---|---|
| | | കം എന്നിവ പ്രച്ഛന്നവേഷരായി. ഏഴാം ക്ലാസിന കവിത, പ്രസംഗം തുടങ്ങിയവ. ക്യാമ്പിന ഒടുവിൽ ഡോക്യുമെന്ററി/ഫിലിം ഷോ. | | | |

എച്ച്.എസ് ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളുംപദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ-നിർമ്മാണം | June - July | ഹിന്ദി അധ്യാപകർ | പിടിഎ. സ്പോൺസർഷിപ്പ് |
| | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ- ചിത്രകഥ തയ്യാറാക്കൽ | ആവശ്യാനുസരണം | | |

| | | | | | |
|---|---|---|---|---|---|
| | | • ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ക്ളബ്ബ്<br>• പ്രവർത്തനങ്ങൾ | | | |

എച്ച്.എസ് ഇംഗ്ലീഷ്

| | AIM | ACTIVITIES | TIME | COORDINATORS | FINANCIAL ANALYSIS |
|---|---|---|---|---|---|
| 1. | To improve students communication skills. | ❖ Group Discussions, Role Play<br>❖ English Assembly<br>❖ Show videos based on the lesson | June<br>Alternate Weeks<br>Academic Year | English Teachers<br>English Teachers<br>English Teachers | English Club<br>English Club<br>English Club |
| 2. | To cultivate a reading culture among students | • English Library Hour<br>• News Reading Competition | Alternate Weeks | English Teachers | English Club |
| 3. | To develop listening and comprehension skills | ❖ English Film Screening<br>❖ Listening Audios | Monthly | English Teachers | PTA |
| 4. | To encourage collaborative and integrated learning | • English Fest | Academic Year | English Teachers | English Club, SRG |
| 5. | To identify and nature writing talents | • Magazine | Academic Year | English Teachers | English Club, SRG |

എച്ച്.എസ് - സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷത്തിലെ നിശ്ചയിച്ച തീയതികളിൽ നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| 2. | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസുകൾ |
| 3. | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രോജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4. | പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാ്ത്ര ലാബുകളിൽ കൗതുകം, വിവിധ കാഴ്ചകൾ എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ, മാനേജ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| 5. | കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | കുട്ടികളിൽ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്നതിനായി ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, ചരിത്ര സിനിമ പ്രദർശനം etc... | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 6. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ |
| 7. | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ തുടങ്ങിയവ പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര ലാബുകളെ വിവിധ മേഖലകളെക്കുറിച്ച് അവബോധം ലഭിക്കുന്ന തരത്തിൽ ക്രമീകരിക്കുന്നു. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

എച്ച്.എസ് മലയാളം

ആമുഖം

സമഗ്ര വ്യക്തി വികാസത്തിലേയ്ക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ വായനയുടെ പങ്ക് വളരെ പ്രധാനമാണ്. പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ വിഹായസ്സിൽ പ്രവേശിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സർഗാത്മകശേഷി വികസിക്കുന്നു. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായന സംസ്ക്കാരത്തിലേയ്ക്ക് വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിലുള്ളത്.

**<u>ലക്ഷ്യം</u>**

1. മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും നേടേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും കുട്ടികൾ നേടി എന്ന് ഉറപ്പ് വരുത്തുന്നു.
2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേണ്ടി ഒരുക്കുക.
3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

**<u>മാതൃഭാഷാ പഠനം- പ്രശ്നങ്ങൾ</u>**

1. വായനയോടുള്ള താൽപര്യകുറവ്
2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
3. പ്രവർത്തനങ്ങൾക്കുള്ള സമയകുറവ്
4. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല

**<u>പരിഹാരം- പദ്ധതി</u>**

1. പിറന്നാളിനൊരു പുസ്തകം

2. വായനക്കുറിപ്പ്
3. കൈ എഴുത്ത് മാസിക
4. സാഹിത്യ പഠനയാത്ര

പ്രവർത്തന പദ്ധതി വിശദീകരണം

| | ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| | പ്രവർത്തനം:1<br>പിറന്നാളിനൊരു പുസ്തകം<br>പുസ്തകസമാഹരണം | ക്ലാസ്ടീച്ചർ | ജൂൺ- ഫെബ്രുവരി | 200 | രക്ഷിതാവ് |
| | പ്രവർത്തനം: 2<br>വായന കുറിപ്പ്<br>വായനകുറിപ്പ് സമാഹരണം<br>പതിപ്പ് തയ്യാറാക്കൽ | ക്ലാസ് ടീച്ചർ, കൺവീനർ<br>വിദ്യാരംഗം | ജൂൺ- ഫെബ്രുവരി | 500 | രക്ഷിതാവ്<br>പിടിഎ |
| | പ്രവർത്തനം: 3<br>കൈ എഴുത്ത് മാഗസിൻ | ക്ലാസ് ടീച്ചർ, കൺവീനർ<br>വിദ്യാരംഗം | ജൂൺ- ഫെബ്രുവരി | | |
| | പ്രവർത്തനം: 4<br>സാഹിത്യപഠനയാത്ര.<br>യാത്രാനുഭവകുറിപ്പ്<br>പതിപ്പ് നിർമ്മാണം | ക്ലാസ് ടീച്ചർ, കൺവീനർ<br>വിദ്യാരംഗം | സെപ്റ്റംബർ | | |
| | പ്രവർത്തനം: 5<br>വായന കൂട്ടം രൂപീകരണം<br>പുസ്തക ചർച്ച | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

എച്ച്.എസ് സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അത്ഭുതകണ്ണിലൂടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുനിരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| | | പാഠങ്ങളുമായി ബന്ധപ്പെട്ട് വ്സ്തുക്കളുടെ പ്രദർശനം.ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 2. | ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം 1തവണ | സയൻസ് അധ്യാപകർ | പിടിഎ |
| 3. | ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്രമാസിക പ്രസിദ്ധീകരണം, സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 4. | ആയുർ രേഖ | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷി | അക്കാദമിക | സയൻസ് | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | പരിസ്ഥിതി സൗഹൃദമനോ ഭാവം വളർത്തുക | ക്കുന്നു | വർഷം | അധ്യാപകർ | |
| 5. | വൈജ്ഞാനിക ബഹിർസ് ഫുരണം, അന്വേഷണ ത തൃഷ്ണ വർദ്ധിപ്പിക്കൽ, നേ രറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉ ള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പ സ്,. പുതുപുത്തൻ സാങ്കേതികവി ദ്യയും പുത്തൻ കണ്ടെത്തലുകളും പരി ചയപ്പെടുന്നു. സംസ്ഥാന ദേശീയ തല ത്തിലുള്ള ക്വിസ്, സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു, ശാസ് ത്രകാരന്മാരുമായി സംവദിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |

ഗണിത പഠനം

ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കുകയും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണം. ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന ചതുഷ് ക്രിയകൾ ഉപയോഗപ്പെടുത്തുന്നതിന സഹായകമാകണം. മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ശേഷികൾ നേടുന്നതിന സഹായകമാകണം.

ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടികൾ തിരിച്ചറിയണം. കൃത്യതയോടും സൂക്ഷമതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കണം. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാകണം.

എച്ച്.എസ് ഗണിതം

| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|---|
| 1. | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2. | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | Instrument box ന്റെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകർ |
| 3. | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ടച്ച് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ |
| 4. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിതക്ലബ്ബ് അധ്യാപകർ |
| 5. | അധ്യാപകർ കാലാനുസൃതമായയി ചെയ്ത ചെറിയ ക്ലാസ് മുത | ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കു | അക്കാദമിക വർഷം തുടർ പ്ര | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പി ക്കുന്നു. | ന്നു.വിഷയ സമിതിയുടെ മികച്ച പ്രവ വർത്തനം | വർത്തനം | |
| 6. | ഗണിത വിഷയത്തിന മികച്ച ഭാ വനകൾ | സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപ കരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റു അവധി ദിവസ ങ്ങളിൽ | ഗണിത അധ്യാപകർ |
| 7. | ഗണിത മത്സരവേദിയിലേക്ക് മേ ളകളിൽ ഊർജസ്വലത കൈവ രിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെ ടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ | ക്ലബ്ബ് സെക്ര ട്ടറി, അധ്യാപ കർ |
| 8. | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവ ശ്യമായ പഠനോപകരങ്ങൾ ശേഖരിക്കൽ | മെയ്/ ജൂൺ | ക്ലബ്ബ് സെക്ര ട്ടറി, അധ്യാപ കർ, പിടിഎ |
| 9. | രക്ഷിതാക്കളെ ബോധവൽക്ക രിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതല കൾ നൽകുന്നു | എല്ലാ അധ്യാപ കരും | HM, അധ്യാ പകർ, പിടിഎ |

ഹൈസ്കൂൾ കലാ വിദ്യാഭ്യാസം

| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|---|
| 1. | ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാ ശൈലികളുടെ പരിചയപ്പെടൽ | വാർലി ചിത്രപ്രദർശനം<br><br>കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു | ജൂൺ | ക്ലാസ് 09 |
| | വിവിധ നിറങ്ങളുംഅവയുടെ | ജൂൺ:05 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് | | ക്ലാസ് 08 |

| | | | | |
|---|---|---|---|---|
| | മിശ്രണവും മനസിലാക്കൽ. പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം. | കുട്ടികൾ ഒരുമിച്ച് ക്യാൻവാസിൽ പ്രകൃതി - ചിത്രങ്ങൾ വരയ്ക്കുന്നു. | | |
| 2. | പ്രശസ്ത ചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു | ജൂലൈ 29<br>വാൻഗോഗ് ഓർമ്മദിനം<br>ജൂലൈ 31<br>കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം<br>ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ | ജൂലൈ | ക്ലാസ് 08,09 |
| 3. | വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ .<br>സംഘ അവതരണത്തിലൂടെ ‘ഒരുമയോടെ എങ്ങനെ പ്രവർത്തിക്കാം’ എന്ന ആശയം മനസിലാക്കുന്നു | സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾ നിശ്ചലദൃശ്യങ്ങൾ ഗ്രൂപ്പായി അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | ക്ലാസ് 08,09 |
| 4. | കുട്ടികളെ എങ്ങനെ അധ്യാപകർ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയൽ | സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ള ക്ലാസ് റൂം രംഗങ്ങൾ പെൻസിൽ ഡ്രോയിങ് ചെയ്ത് പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ | ക്ലാസ് 08,09 |
| 5. | പ്രശസ്ത ഇന്ത്യൻ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | • ഒക്ടോബർ 02 : ഗാന്ധിജയന്തി, രാജാ രവിവർമ്മ സ്മൃതിദിനം<br>• ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീകരണം കുട്ടികൾ പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ | ക്ലാസ് 08,09 |

| | | | | |
|---|---|---|---|---|
| | | • രാജാരവിവർമ്മയും അദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രസന്റേഷനായി അവതരിപ്പിക്കുന്നു | | |
| 6. | തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയ സാംസ കാരികതയെ തിരിച്ചറിയൽ | കേരളപ്പിറവിയോട് അനുബന്ധിച്ച് നമ്മുടെ നാട്ടിലെ വിവിധ പ്രദേശങ്ങളിൽ നാടൻപാട്ടുകളുടെ അവതരണം | നവംബർ | ക്ലാസ് 08,09 |
| 7. | ഊർജ്ജ സംരക്ഷണത്തിന ആവശ്യകത മനസ്സിലാക്കൽ | ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച്, പോസ്റ്റർ നിർമ്മാണം | ഡിസംബർ | ക്ലാസ് 08,09 |
| 8. | സൗന്ദര്യാത്മകമയും താളാത്മകമായും വിവിധ രീതിയിലുള്ള എഴുത്തുകൾ പരിശീലിക്കൽ | ജനുവരി 23: ദേശീയ കൈയ്യക്ഷര ദിനത്തോടനുബന്ധിച്ച് 'കലിഗ്രഫി' വർക്ഷോപ്പ് | ജനുവരി | ക്ലാസ് 08,09 |
| 9. | കൂട്ടായിപ്രവർത്തിക്കുന്നതിന്റെയും ദൃശ്യമാധ്യമ സാങ്കേതികവിദ്യൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നുമുള്ള മനസ്സിലാക്കൽ. കവിത ആസ്വാദനശേഷി വർദ്ധി പ്പിക്കൽ. | ഫെബ്രുവരി 11 -സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാദിനത്തോട്' അനുബന്ധിച്ച് കുട്ടികൾ ഗ്രൂപ്പായി ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. ഫെബ്രുവരി 13 ഒഎൻവി കുറുപ്പ് ഓർമ്മ ദിനത്തോടനുബന്ധിച്ച് ഒഎൻവി കവിതകളുടെ ആലാപനവും നൃത്താവിഷ്കാരവും | ഫെബ്രുവരി | ക്ലാസ് 08,09 |

ഹൈസ്കൂൾ ആരോഗ്യ കായിക വിദ്യാഭ്യാസം

| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|---|
| 1. | ഫുട്ബോൾ ടീം രൂപീകരണം | ഫുട്ബോൾ ക്യാമ്പ് പരിശീലനം | 1 വർഷം | കായിക അധ്യാപകൻ |
| 2. | കബഡി ടീം രൂപീകരണം | കബഡി ക്യാമ്പ് പരിശീലനം | 1 വർഷം | കായിക അധ്യാപകൻ |
| 3. | ബാസ്കറ്റ്ബോൾ ടീം രൂപീ കരണം | ബാസ്ക്കറ്റ്ബോൾ ക്യാമ്പ് പരിശീലനം | 1 വർഷം | കായിക അധ്യാപകൻ |
| | | അത്‌ലറ്റിക്സ് ടീം സെലക്ഷനും പരിശീലനവും | 1 വർഷം | കായിക അധ്യാപകൻ |
| | | സ്കൂൾ സ്പോർട്ട് ഡേ | ആഗസ്റ്റ് 1 | കായിക അധ്യാപകൻ |